തിരുവനന്തപുരം ജില്ല

വിധവാ പെൻഷൻ	-	4949
വാർദ്ധക്യകാല പെൻഷൻ	-	4526
വികലാംഗ പെൻഷൻ	-	2441
കർഷകത്തൊഴിലാളി പെൻഷൻ	-	22642
തൊഴിലില്ലായ്മ വേതനം	-	52599

ആലപ്പുഴ ജില്ല

തൊഴിലില്ലായ്മ വേതനം	-	42022
വിധവാ പെൻഷൻ	-	4128
വാർദ്ധക്യകാല പെൻഷൻ	-	5787
വികലാംഗ പെൻഷൻ	-	3077

പത്തനംതിട്ട

തൊഴിലില്ലായ്മ വേതനം	-	6965

മറ്റ് ജില്ലകളിലെയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ലഭ്യമാക്കിയ ജില്ലകളിലെ ഒരു പഞ്ചായത്തിലും ലഭിച്ച അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളാതിരുന്നിട്ടില്ല. മറ്റു ജില്ലകളിലെ വിവരം ലഭ്യമല്ല.

(സി) വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പെൻഷൻ വിതരണവും തൊഴിലില്ലായ്മവേതന വിതരണവും ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയെങ്കിലും പ്രസ്തുത ജോലി ചെയ്യുന്നതിന് മതിയായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെയോ അല്ലാതെയോ നൽകുകയുണ്ടായില്ല. നിലവിൽ പഞ്ചായത്തിൽ ഉള്ള ജീവനക്കാരെക്കൊണ്ടാണ് ഈ അധിക ജോലികൾ ചെയ്യിക്കുന്നത്. ഇക്കാരണത്താലാണ് ലഭിച്ച മുഴുവൻ അപേക്ഷകളിലും യഥാസമയം തീർപ്പു കൽപ്പിക്കാൻ കഴിയാത്തത്.

(ഡി) നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ശേഷിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം പൂർത്തിയാക്കി ഉടൻ തീർപ്പു കൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

27 (*447) ബീഡി വ്യവസായം

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സി.എൻ. ജയദേവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡി വ്യവസായം തകർച്ചയെ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ബീഡി തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, ബീഡിക്കുള്ള അഡീഷണൽ ടാക്സ് എടുത്തുകളയണമെന്നും, പ്രതിവർഷം 20 ലക്ഷം ബീഡി വരെ ഉല്പാദിപ്പിക്കുന്നവർക്കുള്ള എക്സൈസ് ഡ്യൂട്ടി ഒഴിവാക്കാനുള്ള നടപടിക്കു പകരം എല്ലാ ബീഡി ഉല്പാദകരേയും എക്സൈസ് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്ന് ഡ്യൂട്ടി നൽകണമെന്നുള്ള വ്യവസ്ഥ നിലനിർത്തണമെന്നും, മിനിസിഗറ്റുകൾക്ക് നൽകുന്ന താരിഫ് പുനഃപരിശോധിക്കണമെന്നും പല തവണ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ സഹകരണമേഖലയിലെ കേന്ദ്രസ്ഥാപനമായ ദിനേശ് ബീഡി സഹകരണ സംഘത്തെ വൈവിധ്യവൽക്കരണം നടത്തി, തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

28 (*448) തെരുവുനായ്ക്കളെ നശിപ്പിക്കാൻ നടപടി

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ ശല്യം വർദ്ധിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം ഒഴിപ്പിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഡി) ഇവയുടെ ശല്യം ഇല്ലാതാക്കുന്നതിനും പേ ബാധിച്ച നായ്ക്കളെ കണ്ടുപിടിച്ചു കൊല്ലുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സംവിധാനം ഉണ്ടാകാൻ നടപടി സ്വീകരിക്കുമോ;

(ഇ) നായ്ക്കളുടെ കടിയേറ്റ് കുട്ടികൾ മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നായ് നശീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും ഇത് നവീകരിക്കാൻ ആലോചിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly